(എഫ്) കോർപ്പറേഷനുമായി ഇതുവരെ പൊതുമേഖലാ സ്ഥാപനങ്ങളോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ കരാർ വെക്കുകയോ അതിൻപ്രകാരം നിയമനം നടത്തുകയോ ചെയ്തിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളും അർദ്ധ സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരികയാണ്.

(ജി) ചില സ്ഥാപനങ്ങൾ സ്വകാര്യ ഏജൻസികളുമായി കരാർവച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) നടപടി സ്വീകരിച്ച് വരുന്നു.

കുമരകം ബോട്ടപകടത്തിൽ മരിച്ചവരുടെ അനന്തരാവകാശികൾക്ക് നഷ്ടപരിഹാരം

86 (3040) ശ്രീമതി രാധാ രാഘവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമരകം ബോട്ടപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ട പരിഹാരമായി നൽകേണ്ട തുക ബന്ധപ്പെട്ടവർക്ക് നൽകിയോ ;

(ബി) ജസ്റ്റിസ് നാരായണക്കുറുപ്പിനെ കുമരകം ബോട്ടപകടത്തെപ്പറ്റി അന്വേഷിക്കുവാനുള്ള കമ്മീഷനായി നിയമിച്ചതിനെ ചോദ്യം ചെയ്തുകൊണ്ട് സമർപ്പിച്ച പൊതുതാൽപ്പര്യ ഹർജി വാദം കേൾക്കുമ്പോൾ ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുമെന്ന് ഗവൺമെന്റിന് വേണ്ടി ഉറപ്പു നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മരണപ്പെട്ട മുതിർന്നവരുടെ അനന്തരവകാശികൾക്ക് 50,000 രൂപ വീതവും കുട്ടിയുടെ അനന്തരാവകാശികൾക്ക് 25,000 രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉറപ്പു നൽകിയിട്ടില്ല.

തിരുവനന്തപുരം അന്തർദേശീയ വിമാനത്താവള വികസനം

87 (3041) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്തർദേശീയ വിമാനത്താവള വികസനത്തിന് അടിയന്തിരമായി വേണ്ട 27 ഏക്കർ ഭൂമിയിൽ കോടതിയിൽ കേസുള്ള രണ്ടര ഏക്കർ ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) പുതിയ ടെർമിനലിന്റെ പണി ഉടൻ ആരംഭിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly